# Kalary.com

[companionship of Kalari Kurup/Panicker Community residing across the world]



Plot no. 235/2, Sector No. 4-A,
Gandhinagar - Gujarat 382006
Phone no. 09601484166
E-mail_ kalarickalk@gmail.com
http://www.kalary.com



# കളരി ന്യൂസ്

വാർത്താ മാസിക

**Newsletter** ഏപ്രിൽ 2013


മുഖപ്രസംഗം

"In social hierarchy, they place themselves in the lower streatum, but opine that they should be placed just below the Brahmans." "ഇന്ത്യയിലെ ജനങ്ങൾ: കേരളം" എന്ന നരവംശ ഗ്രന്ഥത്തിൽ 565-ാം പുറത്ത് കണിയാൻെറ സാമൂഹിക-സാംസ്കാരിക സ്ഥാനം വ്യക്തമാക്കുന്നിടത്ത് ഇങ്ങനെ പറഞ്ഞിരിക്കുന്നു. കൂടാതെ പണിക്കർ, കുറുപ്പ്, ജ്യോതിഷ്, ബലിയായ, കണിശൻ, ഗണിക എന്നിവ കണിയാൻെറ കുലനാമമാണെന്നും പണിക്കർ, കുറുപ്പ് എന്ന കുലനാമങ്ങൾ രാജാവ് നൽകിയതാണെന്നും കണിയാന്മാർ അവകാശപ്പെടുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. പുരാതന കാലങ്ങളിൽ കണിയാന്മാർക്കിടയിൽ രണ്ടു വിഭാഗങ്ങളായിരുന്നു ഉണ്ടായിരുന്നത്. തെക്കൻ കണിയാനും വടക്കൻ കണിയാനുമാണവ. ഉത്തര കേരളത്തിൽ കണിയാൻ ബലിയായ എന്നും മധ്യ മലബാറിൽ പണിക്കർ എന്നും കൊച്ചി പ്രദേശങ്ങളിൽ ഗണക എന്നും തിരുവിതാംകൂറിൽ കണി അഥവാ കണിയാൻ അഥവാ കണിശൻ എന്നും ജ്യോതിഷ വിഭാഗം അറിയപ്പെട്ടിരുന്നു. പഴയ കാലങ്ങളിൽ ഇവരിൽ പലരും കളരിപണിക്കർ എന്ന് ദക്ഷിണ മലബാറിലും കളരിക്കുറുപ്പ് എന്ന് കൊച്ചിയിലും തൃശ്ശൂരിലും അറിയപ്പെട്ടിരുന്നു. ഉത്തര കേരളത്തിലെ കണിയാന്മാരും ദക്ഷിണ കേരളത്തിലെ കണിയാന്മാരും പരസ്പരം വൈവാഹിക കൊടുക്കൽവാങ്ങൽ നടത്തിയിരുന്നില്ല.

ഭാരത സർക്കാരിൻെറ നരവംശ ഗവേഷണ സ്ഥാപനമായ ആന്ത്രോപോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ കേരളത്തിലെ ജാതി സമുദായങ്ങളെക്കുറിച്ച് പഠിച്ച് തയ്യാറാക്കി പ്രസിദ്ധീകരിച്ച ആധികാരി ഗ്രന്ഥമാണ് "ഇന്ത്യയിലെ ജനങ്ങൾ: കേരളം" എന്നത്. ഈ പഠന ഗ്രന്ഥം തയ്യാറാക്കുന്നതിനു മുമ്പ് പാലക്കാട്ടും തിരുവനന്തപുരത്തും ശില്പ ശാലകൾ സംഘടിപ്പിച്ചിരുന്നു. തദവസരത്തിൽ ബന്ധപ്പെട്ട ജനവിഭാഗങ്ങളുടെ സംഘടനകളിൽ നിന്നും പ്രമുഖ വ്യക്തികളിൽ നിന്നും ജനവിഭാഗങ്ങളുടെ സാംസ്കാരിക ചരിത്രം ശേഖരിച്ച് പഠന വിധേയമാക്കിയിരുന്നു.

കണിയാൻ സംഘടനാ പ്രമുഖർ ഗവേഷണ സംഘത്തിന് കേരളത്തിലങ്ങോളമിങ്ങോളം ജ്യോതിഷം കൈകാര്യം ചെയ്യുന്ന വിഭാഗങ്ങൾ കണിയാൻ എന്ന പൂർവ്വകാല സമുദായത്തിൻെറ അവാന്തര വിഭാഗങ്ങളാണെന്ന് അവകാശപ്പെട്ടു. ഈ അവകാശ വാദത്തെ സാധൂകരിക്കുമാറ് കൊച്ചിയിലെ ജാതികളും ഗോത്രങ്ങളും , തെന്നിന്ത്യയിലെ ജാതികളും ഗോത്രങ്ങളും , മലബാർ മാന്വൽ എന്നി ഗ്രന്ഥങ്ങളിലെ കണിയാൻ പ്രതിപാദനങ്ങൾ പഠന സംഘത്തിന് ചൂണ്ടികാട്ടി.

കേരള സർക്കാരിൻെറ കീഴിൽ പ്രവർത്തിക്കുന്ന കിർടാഡ്സ് എന്ന നരവംശം സ്ഥാപനം കേരളത്തിൽ ജ്യോതിഷം കൈകാര്യം ചെയ്യുന്ന വിഭാഗങ്ങളുടെ ജന ജീവിതം, ജന സംസ്കാരം ചരിതം എന്നിവ രേഖപ്പെടുത്തിയപ്പോൾ, കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തിൻെറ അനന്യത വെളിപ്പെടുത്തുവാൻ സന്നദ്ധത പ്രകടിപ്പിച്ചില്ല.

ജ്യോതിഷ വാചസ്പതി രാമകൃഷ്ണ പണിക്കരുടെ - മറ്റൊരു സീത, പ്രൊഫ. കെ.കെ. ഭാസ്കരൻെറ - അറ്റുപോയ കണ്ണികൾ, മുകുന്ദൻ കുറുപ്പിൻെറ കളരിയും കളരിയധിപരും എന്നി പുസ്തകങ്ങൾ കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തെക്കുറിച്ച് വിവരിക്കുന്ന ഗ്രന്ഥങ്ങളാണ്. ഈ ഗ്രന്ഥങ്ങൾക്ക് ആവശ്യമായ പ്രചാരം സമുദായ മധ്യത്തിൽ നൽകുവാൻ നമുക്കാർക്കും കഴിഞ്ഞില്ല.

2013 ജനുവരിയിൽ കേരള സർക്കാരിൻെറ സാംസ്കാരിക വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലൂടെ കേരള ചരിത്രം : കളരിയും കലാരൂപങ്ങളും എന്ന ശീർഷകത്തിൽ ഒരു ഗ്രന്ഥം മുകുന്ദൻ കുറുപ്പ് പ്രസിദ്ധീകരിച്ചു. ഈ ഗ്രന്ഥത്തിൽ കേരളത്തിലെ വിവിധ ജന വിഭാഗങ്ങളുടെ സാംസ്കാരിക ചരിത്രത്തോടൊപ്പം കളരിക്കുറുപ്പ് കളരിപ്പണിക്കരുടെ സംസ്കാരം, ജന ജീവിതം, ആചാരാനുഷ്ഠാനങ്ങൾ, കളരി സംസ്കാരം എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. കണിയാനും കളരിക്കുറുപ്പ് കളരിപ്പണിക്കരും തമ്മിലുള്ള സാംസ്കാരിക വൈരുദ്ധ്യതകളും വൈവിദ്ധ്യതകളും സമാനതകൾക്കു കാരണങ്ങളും ചൂണ്ടികാട്ടി ഇരുവിഭാഗങ്ങളും വ്യത്യസ്ത ജനവിഭാഗങ്ങളാണെന്ന് ഈ ഗ്രന്ഥത്തിൽ സമർത്ഥിച്ചിട്ടുണ്ട്.

കേരളത്തിലെ മറ്റു സമുദായ സംഘടനകൾ സമുദായത്തെ പരാമർശിക്കുന്ന പുസ്തകങ്ങളെ ആധികാരിക പുസ്തകങ്ങളായി പരിഗണിച്ചുകൊണ്ട് പുസ്തകങ്ങളിലെ പ്രതിപാദനങ്ങൾ അവസരോചിതമായി ചൂണ്ടികാട്ടുന്നതായി കാണുന്നു.

കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തെക്കുറിച്ച് പറയുന്ന ഈ പുസ്തകങ്ങൾ സമുദായ മധ്യത്തിൽ പ്രചരിപ്പിക്കേണ്ടത് സമുദായത്തിൻെറ അനന്യത ഉയർത്തികാട്ടുന്നതിനും വരും തലമുറക്ക് സമുദായത്തെക്കുറിച്ച് അറിയുന്നതിനും ആവശ്യമായി വന്നിരിക്കുന്നു.

- എഡിറ്റോറിയൽ

## Overseas Coordinator

കളരി ചാരിറ്റബൾ ട്രസ്റ്റിൻെറ ആഗോള കോർഡിനേറ്ററായി (Overseas Coordinator) ശ്രീ കെ. എം. പുരുഷോത്തമൻ, കീഴൂർ കളരി നിയുക്തമായി.

കളരി ചാരിറ്റബൾ ട്രസ്റ്റിൻെറ *"എല്ലാവർക്കും വിദ്യാഭ്യാസം"* എന്ന ആശയത്തിൽ ഊന്നൽ നൽകിക്കൊണ്ട്, ഒരു ഉന്നത വിദ്യാഭ്യാസ സ്ഥാപനം കെട്ടിപ്പടുക്കുവാനുള്ള പ്രാരംഭ നടപടികൾ ഭാരവാഹികൾ ആരംഭിച്ചു.



ശ്രീ പുരുഷോത്തമൻെറ ലോക പരിചയം, അനുഭവ സമ്പത്ത്, ക്രിയാത്മകത എന്നിവ കളരി ട്രസ്റ്റിൻെറ പ്രവർത്തനത്തിലും പുതിയ സംരംഭങ്ങളിലും ഉണർവ്വ് സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കാം.

കളരി ചാരിറ്റബൾ ട്രസ്റ്റിനും ശ്രീ പുരുഷോത്തനമനും എല്ലാ വിധ ആശംസകളും നേരുന്നു.

- കളരി ഡോട്ട് കോം

ജ്യോതിഷ വാചസ്പതി രാമകൃഷ്ണപ്പണിക്കരുടെ *മറ്റൊരു സീത*, പ്രൊഫ. കെ.കെ. ഭാസ്കരൻെറ *അറ്റുപോയ കണ്ണികൾ*, മുകുന്ദൻ കുറുപ്പിൻെറ *കളരിയും കളരിയധിപരും* എന്നി ഗ്രന്ഥങ്ങൾക്കു പുറമെ കേരള സർക്കാർ പ്രസിദ്ധീകരിച്ച മുകുന്ദൻ കുറുപ്പിൻെറ *കേരള ചരിത്രം:കളരിയും കലാരൂപങ്ങളും* എന്ന സാസംകാരിക ചരിത്ര ഗ്രന്ഥവും കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗക്കാർ വായിച്ചിരിക്കേണ്ടവയാണ്.

- കളരി ഡോട്ട് കോം

Kalary.com

# കേരള ചരിത്രം : കളരിയും കലാരൂപങ്ങളും

മധ്യകോലത്തോടെ കേരളക്കരയിൽ ബ്രാഹ്മണാധിപത്യത്തിൽ രൂപപ്പെട്ട ജാതി വിഭജനവും ജാത്യാചാരങ്ങളും വളരെ വ്യക്തമായി വരമൊഴിയിലൂടെ ഒമ്പത് അദ്ധ്യായങ്ങളിലായി ചിത്രീകരിച്ചിരിക്കുന്ന ഒരു ഗ്രന്ഥമാണ് ഇത്. ഒരു സമുദായത്തിൻെറ മാത്രം സാംസ്കാരിക ഗ്രന്ഥമായി ഇതിനെ കാണുവാൻ കഴിയുകയില്ല.

അദ്ധ്യായം 5, 6 എന്നിവകളിൽ കളരിക്കുറുപ്പ് കളരിപ്പണിക്കരുടെ ജന ജീവിതം, ജന സംസ്കാരം, ആചാരാനുഷ്ഠാനങ്ങൾ കളരി സമ്പ്രദായം കളരികളിൽ അഭ്യസിപ്പിച്ചിരുന്ന വിവിധ കളികൾ എന്നിവ വളരെ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു.

അദ്ധ്യായം 7 ൽ പ്രാചീന കാലം മുതൽ കേരളക്കരയിൽ ജ്യോതിഷം കുലധർമ്മായി കൈകാര്യം ചെയ്തുവന്ന കണിയാൻ വിഭാഗത്തിൻെറ ജന ജീവിതം, ജന സംസ്കാരം, ആചാരാനുഷ്ഠാനങ്ങൾ, ഉപതൊഴിലുകൾ, കലാ പാരമ്പര്യം എന്നവയും അവരുടേതോയ സംസാര ഭാഷിയും രേഖപ്പെടുത്തിയിട്ടുണ്ട്.

അദ്ധ്യായം 8 ൽ "എഴുതപ്പെടാത്ത നരവംശ ചരിത്രം" എന്ന ശീർഷകത്തിൽ സവർണ്ണർ നിർദ്ദേശിക്കുന്ന രീതിയിൽ മാത്രം ചരിത്രം രേഖപ്പെടുത്തിയ വസ്തുത സവർണ്ണ വിഭാഗക്കാരുടെ ഗ്രന്ഥങ്ങളിലെ പ്രതിപാദനങ്ങൾ ചൂണ്ടികാട്ടി അനുവാചകരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കേരളത്തിലെ കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന വിഭാഗവും കണിയാൻ അഥവാ ഗണക വിഭാഗവും ഒരു വർഗ്ഗമാണെന്ന അവകാശവാദം എത്രത്തോളം വാസ്തവികത ഉൾക്കൊള്ളുന്നുവെന്ന അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ചരിത്ര അവശേഷിപ്പുകളും കളരി സംസ്കാര തിരുശേഷിപ്പുകളും ആചാരാനുഷ്ഠാനങ്ങളും വായ്മൊഴി വിശ്വാസങ്ങളും നാടൻ പാട്ടുകളും കുഴത്തൊഴിലുകളും ഉപതൊഴിലുകളും കലാ പൈതൃകവും മറ്റും പഠന വിധേയമാക്കി, വിശകലനം ചെയ്ത് തയ്യാറാക്കിയ ഈ അദ്ധ്യായത്തിൽ കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗം കണിയാൻെറ അവാന്തര വിഭാഗമല്ലായെന്ന് സ്ഥാപിച്ചിട്ടുണ്ട്. കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന ആചാര്യന്മാർ മലയാള ശൂദ്രരുടെ ഗുരുസ്ഥാനീയരായിരുന്നു. സാമൂഹികമായി മറ്റു പതിത വിഭാഗങ്ങളേക്കാൾ ഉന്നതരായിരുന്നു ഈ വിഭാഗക്കാർ. അതോടൊപ്പം കണിയാൻ എന്ന പ്രാചീന ജനവിഭാഗം സാമൂഹികമായി മറ്റു പിന്നോക്ക വിഭാഗക്കാരേക്കാൾ താഴ്ന്നവരായിരുന്നില്ലായെന്ന ചരിത്ര സത്യവും ചൂണ്ടികാട്ടിയിട്ടുണ്ട്.

വിദേശിയരും സ്വദേശീയരുമായ എഴുത്തുകാരുടെ നൂറിലധികം വർഷം പഴക്കമുള്ള ചരിത്ര ഏടുകളിൽ ഒളിഞ്ഞു കിടന്നിരുന്ന ചരിത്ര പ്രതിപാദനങ്ങൾ ചികഞ്ഞെടുത്ത് പഠന വിധേയമാക്കിയാണ് ഈ സാംസ്കാരിക ചരിത്ര വിശദീകരണം നടത്തിയിരിക്കുന്നത്.

ചരിത്രം രചിക്കുമ്പോൾ മറ്റുള്ളവരെ താഴ്ത്തികാണിക്കുകയെന്ന സവർണ്ണ രീതി യോജിച്ചതല്ലായെന്നു വിശ്വസിക്കുന്നതിനാൽ ഗ്രന്ഥകാരൻ ഈ ഗ്രന്ഥരചനയിൽ ഒരു സമുദായത്തേയും താഴ്ത്തിക്കാട്ടുവാൻ ശ്രമിച്ചിട്ടില്ല.

നാം ആര് എന്നതിനു മാത്രമല്ലേ പ്രാധാന്യമൊള്ളു. മറ്റുള്ളവരെ തരം താഴ്ത്തിയാൽ മാത്രമേ നാം ഉയർന്നവരാകുവെന്ന സവർണ്ണ രീതി വിവിധ സമുദായ ചരിത്രകാരന്മാർ പരോക്ഷമായി സ്വീകരിച്ചിട്ടുണ്ട്. സ്വയം ഉയർന്നവരാണെന്നു കാണിക്കുവാൻ സമാന സ്ഥാനമാനങ്ങളുള്ളവരെ മനപ്പൂർവ്വം അവഗണിക്കുകയെന്ന രീതിയാണ് പലപ്പോഴും അവർണ്ണ വിഭാഗത്തിലെ ചരിത്രകാരന്മാർ പ്രകടമാക്കിയിരിക്കുന്നത്. ഉദാഹരണത്തിന് നായരുടെ ആദിമാതാവ് പുലയി, ചെറുമി ഈഴവരുടേയും എന്ന ഗ്രന്ഥത്തിൽ കളരിക്കുറുപ്പ് കളരിപ്പണിക്കർ, കണിയാൻ എന്നി വിഭാഗങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടില്ല. ഗ്രന്ഥകാരൻ കുട്ടിക്കാട് പുരുഷോത്തമൻ ചോൻ തൃപ്രയാർ വാസിയാണ്. സാമൂദായികമായി ഇദ്ദേഹം ഈഴവനാണ്. എസ്.എൻ സദാശിവൻ എന്ന ഈഴവ സമുദായ അംഗം എഴുതിയ എ സോഷ്യൽ ഹിസ്റ്ററി ഓഫ് ഇന്ത്യ എന്ന ഗ്രന്ഥത്തിൽ ഈഴവർ കണിയാനെ ആയുധ വിദ്യ അഭ്യസിപ്പിച്ച ഗുരുനാഥനാണെന്ന് അവകാശപ്പെടുന്നു. അതോടൊപ്പം കണ ിയാനെ സാമൂഹികമായി താഴെത്തട്ടിലാണ് ചിത്രീകരിച്ചുകാണുന്നത്.

കേരള ചരിത്രം: കളരിയും കലാരൂപങ്ങളും എന്ന ഗ്രന്ഥം കളരിക്കുറുപ്പ് കളരിപ്പണിക്കർ വായിച്ചിരിക്കേണ്ടതാണ്.

# പല്ലശന നാല്പത്തീരടി കളരി

പാലക്കാട് ജില്ലയിലെ പല്ലശന ദേശത്തെ പുരാതന കളരിയാണ് പല്ലശ്ശന നാല്പത്തീരടി കളരി. ഈ ദേശത്തെ കളരിപ്പണിക്കരുടെ ആയോധന പൈതൃകവും അക്ഷര പൈതൃകവും വിളിച്ചോതുന്ന ദേശത്തെ സാംസ്കാരിക സ്ഥാപനമാണ് ഈ കളരി.

600 വർഷത്തിലധികം കാലപ്പഴക്കമുള്ള ഈ കളരി, ഒരു കാലത്ത് യോദ്ധാക്കൾക്ക് ആയുധ പരിശീലനവും ഗ്രാമീണർക്ക് അക്ഷര വിദ്യയും നൽകിയിരുന്ന സ്ഥാപനമായിരുന്നു. കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങളൊന്നും നടത്താതെ കളരി പൂർവ്വകാല പ്രൗഢി വിളിച്ചോതി തലയുയർത്തി നിൽക്കുന്നു. അക്ഷര വിദ്യ നൽകിയിരുന്ന വാദ്ധ്യന്മാരുടേയും ആയോധന വിദ്യ പരിശീലിപ്പിച്ചിരുന്ന ആയോധന ആചാര്യന്മാരുടേയും പടുക്കളുടേയും മറ്റു പൂർവ്വീക മഹാരഥന്മാരുടേയും പാരമ്പര്യത്തെ ഇന്നും ഈ കളരി കാത്തു സൂക്ഷിക്കുന്നു.




കരിങ്കല്ലുകൾകൊണ്ട് കെട്ടി തീർത്ത അസ്ഥിവാരവും കളിമണ്ണുകൊണ്ട് നിർമ്മിച്ച ചുവരുകളും കരിമ്പന കൊണ്ട് തീർത്ത മേൽക്കൂരയും കാലത്തെ അതീജീവിച്ച പഴമയുടെ സൗന്ദര്യം വിളിച്ചോതുന്നവയാണ്. പരദേവതയായ ഖലൂരിക ദേവിയും കന്യാദേവി, ആയുധ മേന്തിനിൽക്കുന്ന യുദ്ധ ഗണപതി എന്ന ഉപ പ്രതിഷ്ഠകളും കൂടാതെ ഭദ്രകാളി സങ്കല്പവും ഈ കളരിയിലുണ്ട്. ജ്യോതിഷ ദേവനായ സുബ്രഹ്മണ്യ പ്രതിഷ്ഠയുള്ള സുബ്രഹ്മണ്യ കോവിൽ കളരിയോട് അനുബന്ധിച്ച് പരിപാലിച്ചുപോരുന്നു.

പൂർവ്വ കാലത്ത് പല്ലശന ദേശക്കാർ അക്ഷര അഭ്യാസത്തിനുള്ള എഴുത്തു കളരിയും യോദ്ധാക്കൾക്ക് ആയോധന അഭ്യാസത്തിനു ള്ള ആയോധന കളരിയും പല്ലശന നാല്പത്തീരടി കളരിയായിരുന്നു. പൂർവ്വ കാല സ്മരണകൾ ഉണർത്തി ഇന്നും ഈ ദേശത്തെ നായന്മാർ ഈ കളരിയിൽ ഗുരുപൂജ നടത്തി വരുന്നുണ്ട്. മാത്രമല്ല കേരളീയരുടെ ദേശീയോത്സവമായ ഓണാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന ഓണത്തല്ലിനു പല്ലശനയിലെ ഈഴവർ തിരുവോണ നാളില് ഈ കളരിയിലെത്തി കച്ചകെട്ടിയാണ് ഇന്നും ഓണത്തല്ലിനിറങ്ങുന്നത്. പല്ലശന കളരിയിലെ കളരി അംഗങ്ങൾ മികച്ച ആയോധന അഭ്യാസികളും ജ്യോതിഷ പണ്ഡിതരും പൂജാരികളുമായിരുന്നു. പല്ലശന കളരിയിലെ ഇപ്പോഴത്തെ കളരി കാർന്നവർ സുകുമാരൻ പണിക്കരാണ്.

(റിപ്പോർട്ട്: ടി.കെ. സതീശൻ)

# മേൽക്കൂരകളില്ലാത്ത നാല്പത്തീരടി കളരികൾ

കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗക്കാരുടെ നാല്പത്തീരടി കളരികളിൽ ഭൂരിഭാഗവും ഇന്ന് മേൽക്കൂരകളില്ലാത്തവയാണ്. ഒരു കാലത്ത് മേൽക്കൂരകളോടു കൂടിയ സാംസ്കാരിക കേന്ദ്രങ്ങളും അദ്ധ്യാപന സ്ഥാപനങ്ങളുമായിരുന്നു കളരികൾ.

*"വീണ കളരി കയറില്ലാ"*യെന്നൊരു വിശ്വാസം സമുദായ മദ്ധ്യത്തിൽ നിലനിൽക്കുന്നുണ്ട്. വീണ മഹാ ക്ഷേത്രങ്ങൾ പുനരുദ്ധരിക്കുന്നതിന് ആവശയമാമായ പ്രമാണങ്ങൾ നിലനിൽക്കുമ്പോൾ, കളരിക്കുറുപ്പ് കളരിപ്പണിക്കരുടെ നാല്പത്തീരടി കളരികൾക്ക് മേൽക്കുര കയറ്റുവാൻ പാടില്ലായെന്നു പറയുന്നതിൻെറ ഉചിതം എന്ത്?

Kalary.com

## സി.ആർ. ബാലകൃഷ്ണൻ

കേരള കളരിക്കുറുപ്പ് (കളരിപ്പണിക്കർ ) സംഘത്തിൻെറ പ്രമുഖ നേതാക്കളിൽ പ്രമുഖനായി 1984 മുതൽ 1995വരെ പ്രവർത്തിച്ച പ്രഗത്ഭ വ്യക്തിയാണ് സി.ആർ. ബാലകൃഷ്ണൻ.

നെട്ടിശ്ശേരി ചെമ്പരത്തി കളരി കാരണവരായിരുന്ന പരേതനായ സി.ആർ. ബാലകൃഷ്ണൻ കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പിൽ നിന്നും റീജിനൽ ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ച ശേഷം 1984 മുതൽ 1996വരെ കെ.കെ.പി.എസ്. സംസ്ഥാന പ്രസിഡൻറായി സേവനം അനുഷ്ഠിച്ചു. കെ.കെ.പി.എസ്സിൻെറ ചരിത്രത്തിൽ അവസ്മരണീയമായ പല പ്രവർത്തന ശൈലികളും ഇദ്ദേഹം നടപ്പിലാക്കിയിട്ടുണ്ട്. കെ.കെ.പി.എസ്. സംഘടനക്ക് ജില്ല തൂലൂക്ക് തല ഘടകങ്ങൾ രൂപീകരിക്കുന്നതിലും കാര്യപ്രാപ്തമായ രീതിയിൽ പ്രവ ർത്തിക്കുന്നതിനും അശ്രാന്തപരിശ്രമം നടത്തിയ നേതാവാണ് ശ്രീ ബാലകൃഷ്ണൻ. ഇദ്ദേഹം പ്രസിഡൻറായി സേവനം നൽകിയിരുന്ന കാലത്ത് തൃശ്ശൂർ ടൗൺഹാളിൽ വെച്ചു നടത്തിയ സംസ്ഥാന സമ്മേളനത്തിൽ അനവധി കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായ അംഗങ്ങൾ പങ്കെടുത്തുവെന്നത് ഇന്നും പഴമക്കാർ മധുരമായ ഓർമ്മകളോടെ സ്മരിക്കുന്നു.

1924ൽ ചെമ്പരത്തി കളരിക്കൽ രാവുണ്ണി പണിക്കരുടെ മകനായി ജനിച്ചു. മുക്കാട്ടുകര സെൻറ് ജോർജ്ജ് സ്കൂളിലെ പ്രൈമറി വിദ്യാഭ്യാസത്തിനു ശേഷം തൃശ്ശൂർ ഗവഃമോഡൽ സ്ക്കൂളിൽ നിന്നും പത്താം തരത്തിൽ സ്കോളർഷിപ്പോടെ ഉന്നത വിജയം കരസ്ഥമാക്കി. തൃശ്ശൂർ സെൻറ് തോമസ് കോളേജിൽ നിന്ന് ഫസ്റ്റ് ക്ളാസ്സോടെ ഇൻർ മീഡിയേറ്റ് , മദ്രാസ് യൂണിവേർസിറ്റിയിൽ നിന്നും ഇക്കണോമിക്സിൽ ബിരുദം എന്നിവ നേടി. 21-ാം വയസ്സിൽ തൃപ്പൂണിത്തുറ ഗവഃഗേൾസ് ഹൈസ്ക്കൂളിൽ അദ്ധ്യാപകനായി സേവനം ആരംഭിച്ചു. സേവനത്തിൽ ഇരിക്കെ ബി.ടി. പാസ്സാവുകയും ബനാറസ് ഹിന്ദു സർവ്വകലാശാലയിൽ നിന്ന് ഇംഗ്ളീഷ് സാഹിത്യത്തിൽ മാസ്റ്റർ ബിരുദവും നേടി. 1953 മുതൽ 1965 വരെ തൃശ്ശൂർ എൻ.സി.സി. ജൂനിയർ ഡിവിഷനൽ ഓഫീസറായും പിന്നീട് ഹെഡ്മാസ്റ്ററായും തുടർന്ന് ഡി.ഇ.ഓ. എൻ പദവിയിലും ജോല ി നോക്കി. 1977 മുതൽ 1979വരെ റീജിനൽ ഡപ്യൂട്ടി ഡയറക്ടർ എന്ന തസ്തികയിൽ സേവനം അനുഷ്ഠിച്ച് 1979-ൽ സർക്കാർ സേവനത്തിൽ നിന്നും വിരമിച്ചു.

ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചതിനു ശേഷമാണ് കെ.കെ.,പി.എസ്സിൻെറ സംസ്ഥാന പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടത്. മൃതാവസ്ഥയിലായിരുന്ന കെ.കെ.പി.എസ്സിന് ഒരു പുതുജീവൻ നൽകി ഉയർത്തിയത് ഇദ്ദേഹത്തിൻെറ കാലഘട്ടത്തിലാണ്. ഇദ്ദേഹം പ്രസിഡൻറായി കെ.കെ.പി.എസ്സിൽ സേവനം നൽകുന്ന സമയത്ത് കെ.ആർ. വിജയൻ, കോലഴി പ്രേംകുമാർ, കോലഴി രാമചന്ദ്രൻ എന്നിവരും സഹപ്രവർത്തകരായി സേവനം നൽകിയിരുന്നു. ഈദ്ദേഹത്തിൻെറ നേതൃത്വം കെ.കെ.പി.എസ്സിൻെറ സുവർണ്ണ കാലഘട്ടമായിരുന്നുവെന്ന് പഴമക്കാർ പറയുന്നു.

2005 ഒക്ടോബർ മാസം 7-ാം തിയതി ഇദ്ദേഹം അന്തരിച്ചു. കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായത്തിന് ഇദ്ദേഹത്തിൻെറ നിര്യാണം നികത്താനാവത്ത നഷ്ടമായി ഇന്നും നിലനിൽക്കുന്നു.

പ്രൊഫ. കെ.കെ. ഭാസ്കരൻ എഴുതിയ അറ്റുപോയ കണ്ണികൾക്ക് അവതാരിക എഴുതുകയും മുകുന്ദൻ കുറുപ്പ് എഴുതിയ കളരിയും കളരിയധിപരും എന്ന പുസ്തകത്തിന് പുസ്തകാഭിപ്രായവും എഴുതിയ മഹാനായ വ്യക്തിയാണ് ഇദ്ദേഹം.

## പഞ്ചമഹാ സഭകൾ

15-ാം നൂറ്റാണ്ടോടെ കേരളക്കരയിലെ രാജാക്കന്മാരുടെ ഭരണത്തിൽ നിയന്ത്രണം നടപ്പിലാക്കുവാൻ പഞ്ച മഹാ സഭകൾ നിലവിൽ വന്നു. ജ്യോതിഷകൾ ഈ സഭയിലെ അംഗങ്ങളായിരുന്നു.

പിൽക്കാലങ്ങളിൽ തിരുവിതാംകൂറിൽ പഞ്ചമഹാ സഭയുടെ മറ്റൊരു രൂപമായ *ശ്രീമൂലം പ്രജാ സഭ* നിലവിൽ വന്നു. തിരുവിതാംകൂറിലെ കാഞ്ഞിരവേലി കെ.എൻ. കൃഷ്ണൻ ജ്യോത്സ്യൻ കണിയാൻ സമുദായത്തിൻെറ പ്രതിനിധിയായി ഈ സഭയിൽ പ്രവർത്തിച്ചിട്ടുണ്ട്. കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായ അംഗങ്ങൾ ഇത്തരം സഭകളിൽ അംഗങ്ങളായിരുന്നിരിക്കണം.

## തൃശ്ശൂർ ജില്ലയിലേക്ക് കുടിയേറിപാർത്ത ഗണക കുടുംബങ്ങൾ

കേരളത്തിലേക്കുള്ള കുടിയേറ്റ ചരിത്രത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ക്രിസ്തുവർഷാരംഭത്തിൽ ഉത്തര ഭാരതത്തിൽ നിന്നും ആര്യന്മാർ കേരളത്തിലേക്ക് കുടിയേറി. 19-ാം നൂറ്റാണ്ടൊടെ ദക്ഷിണ കേരളത്തിൽ നിന്നും ക്രസ്ത്യാനികൾ കാർഷീക വൃത്തിക്കായി പൂർവ്വോത്തര കേരളത്തിലേക്ക് കുടിയേറി പാർത്തു..

ദക്ഷിണ കേരളത്തിൽ ജ്യോതിഷം കൈകാര്യം ചെയ്തിരുന്ന കണിയാൻ വിഭാഗക്കാർക്ക് സാമൂഹികമായി വളരെ താഴ്ന്ന സ്ഥാനമാണ് സവർണ്ണവരും അവർണ്ണ വിഭാഗത്തിലെ ഉന്നതരും നൽകിയിരുന്നത്. ഈ അവസ്ഥക്കു കാരണം സ്വയം കണിയാൻ വിഭാഗക്കാർ തന്നെയാണ്. ജ്യോതിഷം, വൈദ്യം, അദ്ധ്യാപനം എന്നി തൊഴിലുകൾക്ക് വരുമാനം കുറവായിരുന്നതിനാൽ നിത്യവൃത്തിക്കായി ഇക്കൂട്ടരിലെ പലരും കായിക അദ്ധ്വാന പ്രവർത്തികൾക്കും ഓലക്കുട നിർമ്മിച്ച് പ്രഭുക്കന്മാരുടേയും ഉന്നതരുടേയും വീടുകളിൽ കാഴ്ചവയ്ക്കുവാൻ തുടങ്ങിയതിനെ തുടർന്നാണ് കണിയാന്മാർ പൊതുവെ സാമൂഹികമായി തരം താഴ്ത്തപ്പെട്ടത്.

ജാതീയമായും സാമൂഹകിമായും താഴെത്തട്ടിൽ വസിക്കാൻ വിധിക്കപ്പെട്ട ദക്ഷിണ കേരളത്തിലെ കണിയാൻ കുടുംബങ്ങളിൽ പലതും ഉത്തര കേരളത്തിലേക്ക് 20-ാം നൂറ്റാണ്ടിൻെറ അവസാനത്തോടെ കുടിയേറുവാൻ തുടങ്ങി. തൃശ്ശൂർ ജില്ലയിലെ എളംതിരുത്തിക്കടുത്തുള്ള മരോട്ടിച്ചോട്ടിൽ പതിറ്റാണ്ടുകളായി കൂട്ടായി കുടിയേറി പാർക്കുന്ന ഗണക കുടുംബങ്ങളുണ്ട്. ഇക്കൂട്ടർ ജ്യോതിഷം മുഖ്യ ജീവിതോപാധിയായി കൈകാര്യം ചെയ്തുവരുന്നു. കളരിക്കുറുപ്പ് കളരിപ്പണിക്കർ ഈ കുടംബക്കാരെ കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗക്കാരായി പരിഗണിക്കുന്നില്ലായെങ്കിലും ഇക്കൂട്ടർ ഗണക പണിക്കർ എന്ന പേരിലാണ് അറിയപ്പെടുവാൻ താല്പര്യം കാണിക്കുന്നത്.

പാലക്കട്-മലപ്പുറം ജില്ലകളുടെ പല ഭാഗത്തായും ഒറ്റപ്പെട്ടു കൂട്ടായും ഗണകന്മാർ കുടിയേറി താമസിക്കുന്നുണ്ട്. മലപ്പുറം ജില്ലയിലെ പൂത്തോട്ടുപാടം ദേശത്ത് വസിക്കുന്ന കളരികളുള്ള പണിക്കന്മാരോടൊത്ത് ദക്ഷിണ കേരളത്തിൽ നിന്നും വന്നുതാമസിക്കുന്ന ഗണക കുടുംബാംഗങ്ങൾ കണിയാൻ പണിക്കർ എന്ന പേരിലാണ് പൊതുവെ അറിയപ്പെടുന്നത്.

ആലുവ പുഴക്കു വടക്കു ഭാഗത്തേക്കു കുടിയേറി താമസിക്കുന്ന ദക്ഷിണ കേരളത്തിലെ ഗണകന്മാർ പണിക്കർ എന്ന സ്ഥാനപ്പേർ സ്വന്തം പേരിനോടൊപ്പം കൂട്ടിച്ചേർക്കുവാനും പണിക്കരായി അറിയപ്പെടുവാനും ഈ നൂറ്റാണ്ടിൽ ആഗ്രഹിക്കുവാൻ കാരണമെന്ത്? കണിയാൻ/ഗണകൻ എന്നി വിഭാഗവും കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗവും ഒന്നാണെന്നു അവകാശപ്പെടുന്ന സംഘടനാ പ്രവർത്തകർ ഈ വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി ഉത്തരം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

## സാമൂഹിക പരിഷ്കർത്താക്കൾ

കേരളക്കരയിൽ 19-ാം നൂറ്റാണ്ടോടെ പല നവോത്ഥാന പ്രസ്ഥാനങ്ങളും പുരോഗമന ചിന്തകളും ഉടലെടുത്തു. അതിലൂടെ പല സാമൂഹിക പരിഷ്കർത്താക്കളും വിവിധ ജനവിഭാഗങ്ങളിൽ ഉയർന്നുവന്നു.

നൂറ്റാണ്ടുകളിലൂടെ കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തിൽ പല സംസ്കൃത പണ്ഡിതരും പ്രഗത്ഭജ്യോതിഷികളും ജ്യോതിഷ പണ്ഡിതരും ഉണ്ടായിട്ടുണ്ട്. എന്നാൽ സമുദായ മധ്യത്തിൽ സാമൂഹിക പരിഷ്കരണത്തിനായി ആരും തന്നെ മുന്നോട്ടു വന്നതായി കാണുന്നില്ല. അഥവാ മുന്നോട്ടു വരുവാൻ അന ുവദിച്ചില്ല.

കളരിയും കളരി വിദ്യയും നിർബന്ധിതമായി നിർത്തലാക്കപ്പെടുന്നതുവരെ ആയുധ പരിശീലന ആചാര്യന്മാരായ ഈ വിഭാഗത്തിലെ മുൻഗാമികൾ എന്തുകൊണ്ടാണ് ചരിത്രത്തിൻെറ ഭാഗമായി മാറിതിരുന്നത്?

Kalary.com

## സേവനാവകാശ നിയമം

"സർക്കാർ സേവനങ്ങൾ സമയബന്ധിതമായി ലഭിക്കുവാൻ പൗരന്മാർക്കുള്ള അവകാശവും പരാതി പരിഹാരവും (2011)" എന്ന ബിൽ പാർലിമെൻറിൽ പാസ്സാക്കി.

സേവനാവകാശ നിയമം 2011 പ്രകാരം പാസ്പോർട്, പെൻഷൻ, ജനന-മരണ-ജാതി സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ സമയബന്ധിതമായി പൗരന് ലഭ്യമാക്കുവാനുള്ള ഒരു ബില്ലാണിത്. സർക്കാർ സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർ പ്രതിദിനം 250 രൂപ മുതൽ 50,000 രൂപ വരെ പിഴ നൽകേണ്ടതായി വരും. കേന്ദ്ര-സംസ്ഥാന സർക്കാർ സേവനങ്ങളെ ഈ നിയമത്തിൻെറ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ സർക്കാർ ഓഫീസുകളിലും സമയബന്ധിതമായി ആവലാതികൾ പരിഹരിക്കുന്നതിനും സംശയങ്ങൾക്കു മറുപടി നൽകുന്നതിനും കോൾ സെൻ്റർ, കസ്റ്റമർ കെയർ സെൻറർ, ഹെൽപ്പ് സെൻറർ എന്നിവ സ്ഥാപിക്കുവാനു വില്ലിൽ വ്യവസ്ഥയുണ്ട്.

കേരള സർക്കാർ നിയമ സഭയിൽ സേവനാവകാശ നിയമം പാസ്സാക്കിയിട്ടുണ്ട്. എന്നാൽ ഈ നിയമത്തിൻെറ ചട്ടങ്ങൾ തയ്യാറാക്കിയിട്ടില്ല. കേരള സംസ്ഥാന സർക്കാരിൻെറ എല്ലാ വകുപ്പുകളിലും പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പൗരാവകാശത്തിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനു നിയമ പ്രാബല്യം നൽകുന്നതിനും വേണ്ടിയാണ് സേവനാവകാശ നിയമം നിലവിൽവരുന്നത്.

## ക്ഷേത്ര പ്രവേശന പ്രതിഷേധങ്ങൾ

കേരളത്തിൽ നവോധാഥത്തിനും ക്ഷേത്ര പ്രവേശനത്തിനും മേൽവസ്ത്ര ധാരണത്തിനുമായി പ്രതിഷേധങ്ങൾ ഉയർന്നു വന്നത് തിരുവിതാംകൂറിൽ നിന്നുമാണ്.

തെക്കൻ കേരളത്തിൽ ഹിന്ദു ക്ഷേത്രങ്ങളിൽ പ്രവേശിച്ച് ആരാധന നടത്തുവാൻ അവർണ്ണർക്ക് അവകാശമുണ്ടായിരുന്നില്ല. എന്നാൽ ചില ക്ഷേത്രങ്ങളിലെ ഉത്സവങ്ങളിൽ അവർണ്ണരിൽ ചില വിഭാഗങ്ങൾ ചുറ്റമ്പലത്തിനരുകിൽ വന്ന് ഉത്സവത്തിൽ പങ്കെടുക്കുകയും ക്ഷേത്രോത്സവാചാരങ്ങളിൽ പങ്കാളിയാവുകയും ചെയ്തുവന്നിരുന്നു. ക്ഷേത്രോത്സവത്തിനു ശേഷം ക്ഷേത്രവും പരിസരവും ശുദ്ധമാക്കിയതിനു ശേഷമെ ബ്രാഹ്മണർ ദൈനം ദിന പൂജാവിധികൾ നടത്തിയിരുന്നൊള്ളു.

1932 നവംബർ 8-ാം തിയതി അന്നത്തെ തിരുവിതാംകൂർ സർക്കാർ ഒരു ക്ഷേത്ര പ്രവേശന അന്വേഷണ സമിതിക്ക് രൂപം നൽകുവാൻ തീരുമാനിച്ചു. 1932 നവംബർ 25-ന് സമിതിക്ക് രൂപം നൽകുകയും ചെയ്തു.

ദിവാൻ ബഹദൂർ വി.എസ്. സുബ്രഹ്മണ്യ അയ്യർ അദ്ധ്യക്ഷനായും (1) കെ.പരമേശ്വരല പിള്ള, (2) എം. അനന്തകൃഷ്ണ അയ്യർ, (3) എം. ഗോവിന്ദൻ, (4) റാവു സാഹിബ് ഉള്ളൂർ എസ് പരമേശ്വര അയ്യർ, (5) ടി.കെ. വേലു പിള്ള, ,(6) ടി. കേശവൻ ശാസ്ത്രി, (7) താരനെല്ലൂർ നമ്പൂതിരിപ്പാട്, (8) ബ്രഹ്മശ്രീ ചിങ്ങൻ നാരായണൻ ഭട്ടത്തിരിപ്പാട് എന്നിവർ സമിതി അംഗങ്ങളായും ക്ഷേത്ര പ്രവേശന അന്വേഷണ സമിതി നിലവിൽ വന്നു.

ഈ സമിതിയിൽ ഏവരും സവർണ്ണണരായിരുന്നു. ബ്രാഹ്മണാധിപത്യത്തിൽ നടന്നിട്ടുള്ള സഹിത്യ-സാംസ്കാരിക, ചരിത്ര രചനകൾ പോലും സവർണ്ണർ സവർണ്ണർക്കായിയെ നിലനിന്നിട്ടൊള്ളു.


### അറ്റുപോയ കണ്ണികൾ

പ്രൊഫ. കെ.കെ.ഭാസ്കരൻ

നൂറ്റാണ്ടുകൾക്കു മുമ്പ് കേരളത്തിലെ കളരികളിൽ സൈനികപരിശീലനം കൊടുത്തിരുന്ന അദ്ധ്യാപകരുടെ ജീവിതത്തിലേക്കുള്ള ഒരു അന്വേഷണം. നൂറുകൊല്ലം മുമ്പ് കേരളത്തിൽ നടന്നിരുന്ന സാക്ഷരതാ പ്രവർത്തനത്തിലേക്കും അതിന് നേതൃത്വം കൊടുത്തിരുന്ന ആശാന്മാരുടെ ജീവിതത്തിലേക്കുമുള്ള ഒരു തീർത്ഥയാത്രയാണ് ഈ പുസ്തകത്തിലൂടെ ഗ്രന്ഥകാരൻ നൽകുന്നത്. വായിക്കുക. സമുദായത്തെക്കുറിച്ചുള്ള അറിവ് മറ്റുള്ളവർക്ക് പകർന്നു നൽകുക.


## ജാതീയത ഇന്നും കേരളത്തിൽ

കേരളത്തിൽ ഇന്ന് ജാതി-സാമുദായ വിഭാഗിയത/ഉച്ചനീചത്ത്വം നിലനിൽക്കുന്നില്ലായെന്ന് സർക്കരും രാഷ്ട്രീയ, സാമൂഹിക പ്രവർത്തകരും പ്രഖ്യാപിക്കുന്നുണ്ട്. തന്ത്രി വിദ്യാപീഠത്തിലെ പരിശീലനം പൂർത്തിയാക്കുന്ന ഏതൊരുവനും ക്ഷേത്രങ്ങളിൽ പൂജാരിയാകുവാൻ അർഹതയുണ്ടെന്നാണ് സർക്കാർ നിലപാട്. സർക്കാരിൻെറ പി.എസ്.സി. വഴി നിയമനങ്ങളും നടക്കുന്നുണ്ട്. എന്നാൽ പലപ്പോഴും ഇന്നും സവർണ്ണർ അവർണ്ണരുടെ താന്ത്രീക വിധി അംഗീകരിക്കുവാൻ സന്നദ്ധത കാണിക്കുന്നില്ല.

ഉദയംപേരൂർ മേജർ ഏകാദശി പെരുംതൃക്കോവിൽ ക്ഷേത്രത്തിൽ ദേവസ്വം ബോർഡിൻെറ അനുമതിയോടെ കീഴ്ശാന്തിയായി നിയമിതനായ ഈഴവ സമുദായത്തിൽപ്പെട്ട ഹരീശിനെ ക്ഷേത്ര പൂജാദികൾ ചെയ്യുന്നതിൽ നിന്നും ക്ഷേത്ര ഉപദേശക സമിതി പ്രവർത്തകരും സവർണ്ണരും വിലക്കി.

## കളരികളുമായി ബന്ധപ്പെട്ട പണിക്കരും കുറുപ്പും

കേരളത്തിലങ്ങോളമിങ്ങോളം കളരിയും സൈനീക പരിശീലനവുമായി ബന്ധപ്പെട്ടവർക്ക് പണിക്കർ - കുറുപ്പ് എന്നി സ്ഥാനങ്ങൾ അഥവാ പദവികൾ ആദ്യ കാലങ്ങളിൽ രാജാക്കന്മാരിൽ നിന്നും നാടുവാഴികളിൽ നിന്നും ലഭിച്ചു. പിൽക്കാലങ്ങളിൽ ഈ സ്ഥാനപ്പേരുകൾ ജാതി-സമുദായങ്ങളുടെ പേരുകളായി മാറി. ഈ സ്ഥാനപ്പേരുകൾ കളരിയും കളരി അഭ്യാസ പരിശീലനവുമായി ബന്ധപ്പെട്ടിരുന്നുവെന്നത് അനിഷേധ്യമായ വസ്തുതയാണ്. പൊതുവെ സവർണ്ണരിലെ നായന്മാർ കളരിയുമായി നേരിട്ടു ബന്ധമുണ്ടായിരുന്നവരെ ബഹുമാനിച്ചിരുന്നുവെന്നതും ഗുരുനാഥന്മാരായി അംഗീകരിച്ചിരുന്നുവെന്നതും അനിഷേധ്യമായ കാര്യങ്ങളാണ്.

കൊച്ചി രാജ്യത്തിൻെറ ഉത്തര ഭാഗത്തും പാലക്കാട് പ്രദേശങ്ങളടങ്ങുന്ന ദക്ഷിണ മലബാറിലും നാല്പത്തീരടി കളരികളുമായി ബന്ധപ്പെട്ട ജനവിഭാഗത്തെ കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്നാണ് അടുത്ത നുറ്റാണ്ടുകളിൽ സംബോധന ചെയ്തുവരുന്നത്. ഈ രണ്ടു സ്ഥാനപ്പേരുകളും സാമൂഹികമായി സമാനത നിലനിർത്തിയിരുന്ന പേരുകളായിരുന്നു. ആയതിനാലാണ് കേരളക്കരയിൽ നവോധത്ഥാന പ്രസ്ഥാന ചിന്തകൾക്കും സംഘടിതമായ നീക്കങ്ങൾക്കും രൂപം നൽകിയകൂട്ടത്തിൽ കളരിക്കുറുപ്പ്, കളരിപ്പണിക്കർ എന്ന ജനവിഭാഗങ്ങളും സംഘടിക്കുവാനും സംഘടന രൂപീകരിക്കുവാനും മുന്നോട്ടു വന്നു. പണിക്കരും കുറുപ്പും സാമൂഹികമായി തുല്യരായി പരിഗണിക്കപ്പെട്ടിരുന്നതിനാലാണ് സംഘടന രൂപീകരണകാലത്ത് കളരിപ്പണിക്കരും കളരിക്കുറുപ്പും ഒരു സംഘടനക്കു കീഴിൽ അണിനിരന്നത്. സാംസ്കാരികമായും ആചാരാനുഷ്ഠാനപരമായും ഇരുവരും സമാനതയുള്ളവരായിരുന്നു.

തൃശ്ശൂരിലും തൃശ്ശൂരിനു തെക്കുമുള്ള പഴയ കൊച്ചി പ്രദേശങ്ങളിലെ കളരികളുമായി ബന്ധപ്പെട്ട വിഭാഗത്തെ കുറുപ്പെന്നും ദക്ഷിണ മലബാറിലെ പാലക്കാട് ഉൾപ്പെടുന്ന പ്രദേശങ്ങളിലും തൃശ്ശൂരിനു വടക്കും കളരിയുമായി ബന്ധപ്പെട്ടവരെ പണിക്കർ എന്നും എന്തുകൊണ്ടാണ് അറിയപ്പെട്ടത്? തൃശ്ശൂരിനു തെക്കു ഭാഗത്തെ കളരികളുള്ള വിഭാഗത്തിന് പണിക്കർ എന്ന സ്ഥാനപ്പേര് എന്തുകൊണ്ടാണ് ലഭിക്കാതിരുന്നത്? എന്നാൽ കാലദേശ ഭേദമന്യേ ഇരുവിഭാഗങ്ങളേയും ആശാൻ അഥവാ ഗുരുനാഥൻ എന്ന് ഗ്രാമീണർ വിളിച്ചിരുന്നു.

കൊച്ചിരാജ്യത്തും തിരുവിതാംകൂർ പ്രദേശങ്ങളിലും പണിക്കർ സ്ഥാനികളായവർ വിരളമായിട്ടെ ഉണ്ടായിരുന്നോള്ളു. കൊച്ചി രാജ്യത്തിൻെറ ഉത്തര ഭാഗത്തുണ്ടായിരുന്ന കളരിആചാര്യന്മാരെ പൊതുവെ കുറുപ്പെന്നാണ് സംബോധന ചെയ്തിരുന്നതെന്നു ചരിത്രം പരിശോധിക്കുമ്പോൾ മനസ്സിലാക്കുവാൻ കഴിയും.

മലബാർ പ്രദേശങ്ങളിൽ ആയുധവുമായി ബന്ധപ്പെട്ടവരെ പൊതുവെ പണിക്കർ സ്ഥാനം നൽകിയാണ് രാജാക്കന്മാർ ആദരിച്ചിരുന്നത്.

Kalary.com

# ഏങ്ങണ്ടിയൂർ കളരി മഹോത്സവം

ഏങ്ങണ്ടിയൂർ കളരി മഹോത്സവം 2013 മാർച്ച് 23,24 തിയതികളിൽ പൂർവ്വാധികം ഭംഗിയായി ആഘോഷിച്ചു.

2013 മാർച്ച് 23നു രാവിലെ 5 മണിക്ക് അഷ്ടദ്രവ്യ മഹാഗണപതി ഹോമത്തോടെ തുടങ്ങിയ ആഘോഷം ത്രികാല ഭഗവതി സേവ, മഹാ മൃത്യുഞ്ജയ ഹോമം, സുകൃത ഹോമം, കലശാവാഹനം എന്നിവയിലൂടെ 2013 മാർച്ച് 24 -ാംതിയതി നടതുറക്കൽ, നിർമാല്യ ദർശനം, വാകച്ചാർത്ത്, ഉഷ പൂജ, മലർ നിവേദ്യം, കലശാഭിഷേകം, നവകം, പഞ്ചഗവ്യം, എതിരേൽപ്പ്,പ്രസന്നപൂജ, മദ്ധ്യാപൂജ, അന്നദാനം എന്നിവ വിധിവിഹിതത്തിൽ നടത്തി വൈകിട്ട് സായാപൂജയും ദീപാരാധനയും നടത്തി ആഘോഷത്തിന് സമാപനം കുറിച്ചു.

ദേശത്തെ വേട്ടക്കൊരുമകൻ ക്ഷേത്രത്തിൽ നിന്നാണ് കളരിയിലേക്ക് താലപ്പൊലിയോടെ എഴുന്നള്ളിപ്പ് നടത്തിയത്.

ഏങ്ങണ്ടിയൂർ കളരി കിഴക്കു-പടിഞ്ഞാറായി കിടക്കുന്ന എഴുത്തു കളരിയാണ്. ഈ കളരിയിലൂടെയാണ് ആദ്യകാലങ്ങളിൽ ഈ ദേശക്കാർ അക്ഷരങ്ങളുടെ ലോകത്തേക്ക് കടന്നു വന്നിരുന്നത്. മറ്റു കളരികളുടേതു പോലെ ഈ കളരിക്കും ഒരു പൂർവ്വകാല ഐതീഹ്യമുണ്ട്.

കളരി പരദേവതകളായ ശ്രീ മഹാഗണപതി, ശ്രീ ഭഗവതി (ഖലൂരിക ദേവി) വീരഭദ്രൻ എന്നിവരും മറ്റു ഉപ ദേവതകളും കളരിയിൽ വസിക്കുമ്പോൾ, കളരിയോടു ചേർന്ന് കുഞ്ചുരു മുത്തച്ഛനും പിതൃക്കളും പീഠങ്ങളിൽ കുടികൊള്ളുന്നു. നെല്ലിച്ചോട്ടിൽ മുത്തശ്ശൻ ഒരു പ്രധാന പിതൃ സങ്കല്പമാണ്. കളരിയുമായി ബന്ധപ്പെട്ട് ഒരു നമ്പൂതിരി ബന്ധം നിലനിൽക്കുന്നുണ്ട്. ഇത് ബ്രഹ്മ രക്ഷസ്സിൻെറ രൂപത്തിലാണ് പൂജിക്കപ്പെടുന്നത്. കളരിയോടു ചേർന്ന് ഒരു സർപ്പക്കാവും സംരക്ഷിക്കപ്പെട്ടുവരുന്നു. സർപ്പക്കാവിൽ മണി നാഗം, കരിനാഗം എന്നിവരെയും പൂജിക്കുന്നു.

# ശ്രീ കെ. വേണുഗോപാലിൻെറ കലാ സൃഷ്ടി





ശ്രീ വേണുഗോപൽ
കളരിക്കൽ വീട്,
കോന്നംചേരി, ആയക്കാട്,
പാലക്കാട്, കേരളം

# വെബ് ലോകത്തെ കൊച്ചു മിടുക്കൻ

ഗുഗളിൻെറ വേരിഫൈഡ് ഓതർ എന്ന പദവിയിലേക്ക് ഉയർന്ന ടീനേജുകാരൻ. വിവര സാങ്കേതിക വിദ്യയിൽ വെബ് ഡിസൈനിംഗ് , ഓൺലൈൻ ബ്ളോഗിങ്ങ്, സേർച്ച് എൻജിൻ ഒപ്റ്റിമൈസേഷൻ എന്നി മേഖലകളിൽ തൻെറ കഴിവു തെളിയിച്ച ഈ ടീനേജ് കാരൻ വെബ് ഹോസ്റ്റിംഗ്, ഈ-കോമേഴ്സ് എന്നി വിവിര സാങ്കേതിക മേഖലകളിൽ തൻെറ സാന്നിദ്ധ്യവും വിവര വിനീമയത്തിൽ തൻേറതായ



കഴിവും മിഴിവും തെളിയിച്ചുകൊണ്ട് ചെറുപ്പക്കാർക്ക് ഒരു മാതൃകയായി തീർന്നിരിക്കുന്നു. ഐ.ടി റിസർച്ച് ആൻറ് പ്രോ ലാബ്സ് എന്ന സ്ഥാനപനത്തിൻെറ ചീഫ് എക്സിക്യൂട്ടീവാണ് രോഹിത്.

വിവര സാങ്കേതിക മേഖലയിൽ തൻെറ വ്യക്തി മുദ്ര രേഖപ്പെടുത്തിയ രോഹിത് കംമ്പ്യൂട്ടർ മേഖലയിൽ ബിരുദമോ പ്രത്യേക പരിശീലനമോ നേടാതെ സ്വതസിദ്ധമായ തൻെറ കഴിവുകൊണ്ടും സ്വപ്രയത്നം കൊണ്ടും ഈ മേഖലയിൽ പ്രാവീണ്യം നേടിയ ടീനേജുകാരനാണ്.

പാലക്കാടു ജില്ലയിലെ കുമരനല്ലൂരിൽ താമസിക്കുന്ന ഈ ചെറുപ്പക്കാരൻ തൃശ്ശൂർ ജില്ലയിലെ വളപ്പായ കളരിക്കൽ വി.ആർ. രാമചന്ദ്രൻെറ മകനാണ്.

ഈ ആധുനിക വിവിര സാങ്കേിതിക മേഖലിയിൽ കടന്നു വന്നും വ്യക്തി മുദ്ര പതിപ്പിച്ചതും സ്വപ്രയത്നം ഒന്നുകൊണ്ടുമാത്രമാണ്. വി.ആർ. രോഹിത് എന്ന ചെറുപ്പക്കാരന് കളരി ഡോട്ട് കോം എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

വി.ആർ. രോഹിത്-09995990755 , **email-: rohitvr2009@gmail.com**

കവിത

## കളരി വന്ദനം

കളരിപരാശക്തി പരദേവതേ
കരളലിഞ്ഞു വിളിക്കുന്നിതേവരും
കരുണ നൽകും വല്ലൂരികാദേവിയും
കരളിനുള്ളിൽ വസിക്കേണമെപ്പോഴും

ഗുരുകുലത്തിൻെറ വിദ്യക്കധിനരായ്
ബഹുജനങ്ങളാലാദരിത്തുടുന്ന
ഗണിതശാസ്ത്രാം ജ്യോതിഷ ശ്രേഷ്ഠരാൽ
അണിനിരക്കുന്ന വേദിക്കു വന്ദനം

അനുദിനം നമുക്കേറുന്ന ചിന്തകാ
നിനവിലൊന്നിച്ചുകൂട്ടായ ചർച്ചയിൽ
അതിമഹത്തായ നേർവഴിക്കെത്തിടാം
അഹമഹംഭാവമില്ലാതുയർന്നിടാം

(തുടരും....)



*എ.കെ.എസ്. ആതവനാട്*
*മൊ. 09846327540*

# Response from Manoj Kalarickal, Mumbai



I think time is taking its toll on the achievements of Sri Mukundan Kurup, a Non-Resident- Keralite from our Community of Kalari Kurup and Kalari Panicker on recognizing his literary work titled Kerala Charithram Kalariyum Kalaroopangalum. There is no need for my introduction of Mukundan Kurup and he is all known to each member of our Community more than anyone else and is enjoying a celebrity status amongst our Community. You shall all agree with me when I say that there may be circumstances in which some of you or some other Senior Leaders from our Community had severely criticized Sri Mukundhan Kurup or viceversa. But ultimately we shall all agree that all his deeds and literary work is with the good intention of making critical appreciation, either on Leadership policy suggestions that KKPS require or the right approach that need to be followed in a specific circumstances. There may be circumstances in which he has come down heavily on some Individuals and there are circumstances in which he has also been the first to congratulate a member of KKPS for whatever attainments he / she has reached. One thing is certain – you may ignore him or respect him, but the truth is that he has created a niche for himself in the Community and you cannot avoid him. And his comments or observations are never intended to find fault or pinpoint fault in a person or Individual, rather it is his earnest attempt to correct a particular Community stand in connection with a particular issue where the interest of our Community KKPS is at stake and not individual attacks to defame a person.

I wanted to write a few lines on new book, the Second of its kind from the Author Sri Mukundhan Kurup titled "Kerala Charithram Kalariyum Kalaroopangalum". I have gone through his previous work on Kalariyum Kalariathiparum. One thing is worth mentioning. This foreword is one I wanted to include after reading the book "kerala charitram :kalariyum kalarupangalum". However that was not possible and we shall have to wait further to get a copy for ourselves. Further I was also on the back foot and waiting; since I thought it shall definitely be more appropriate, if our parent organization KKPS, Thrissur 13/1954 wrote a few lines on that. Please note that all FB Accounts of allied castes like Kaniyar Panicker and Ganaka Sabha has come in praise for the efforts of Mr Mukundan Kurup either personally or through well written appreciations on their Facebook account. I recall that one person from our Community has communicated on the achievement of Mukundan Kurup is the facebook, but that was devoid of content. I would like to state with all humbleness that it was not right upon the part of KKPS, Thrissur to not have written a few lines about this literary feat attained by the care taker of our history. KKPS website can also have a write up on its website on this praise-worthy achievement. If we do not appreciate him for his contributions, who else will?

This new work is distinct and becomes a part of authentic history of Kerala for more reasons than one. While his previous work Kalariyum Kalariathiparum has come out because of his personal efforts to trace the sources of History of Kalari Kurup Kalari Panicker, his latest work has been published by Kerala Bhasha Institute, Trivandrum and the work is recognized by Kerala Sahithya Academy. This means that the history of Kalari Kurup Kalari Panicker which has been fainting due to lack of written Literature on the History and its links with the evolution of Kerala History cannot be further exposed to attacks by other communities for a common identity. This book is also the first of its kind which is recognized by Kerala Sahitya Academy and the Bhasha Institute Kerala. We can now, rest assured that there shall not be any further attempts to water down our legendary tradition, historical presence and background. I appeal to the Managing Committee of KKPS, Thrissur, to acknowledge this legendary work of Sri Mukundan Kurup and to give him facilitation for his legendary feat, the first of its kind by a person belonging to our Community. The name of Sri. Mukundan Kurup is going to be remembered through many historical students and researchers and it should not happen that our Community has gone back on recognizing his achievements...... Better late than never.

**Published by Kalary.com**
Reporter : Ramachandran Kalarickal, Trichur (09249308894), Proof reading :Smt. Ajitha M.,Gandhinagar
Editors: Shri Anilkumar K.V, Mumbai (09322290222), Shri K.Kamalnathan,Mumbai(09867092926), Shri Ravi Parappurath,Coimbatore(09443595794)
Chief Editor : Mukundan Kurup,Gujarat ( 09601484166), Email(News letter) :- kurups.kalaries@yahoo.in